(അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി മൂന്നു മാസത്തിലൊരിക്കൽ യോഗം ചേർന്ന് ലൈംഗിക അതിക്രമം ഉൾപ്പെടെയുള്ള കേസ്സുകൾ പരിശോധിച്ച് തീരുമാനമെടുക്കുകയും അതിക്രമത്തി നിരയായവർക്ക് പുനരധിവാസത്തിനും ക്ഷേമത്തിനും വേണ്ടി നഷ്ടപരിഹാരം നൽകി വരികയും ചെയ്യുന്നുണ്ട്.

പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ

330 (680) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് പ്രസ്തുത വകുപ്പിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ ;

(സി) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആനുകൂല്യങ്ങൾ ഇടനിലക്കാർ കൈക്കലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് തടയുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി സ്വീകരിച്ചു വരുന്ന നടപടികൾ

331 (681) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമയ ബന്ധിതമായി നടപടികൾ ഉണ്ടാകുമോ ;

(സി) മുഴുവൻ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ഭൂമി, വീട്, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ആരോഗ്യകരവും, അടിസ്ഥാന സൗകര്യങ്ങളുടെയും വികസനത്തിനായി ഈ സർക്കാർ നടപ്പാക്കിവരുന്ന പ്രധാന പദ്ധതികൾ/നടപടികൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമയബന്ധിതമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

(സി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് കുറഞ്ഞത് 25 സെന്റ് മുതൽ പരമാവധി ഒരേക്കർ വരെയുള്ള ഭൂമി വാങ്ങി നൽകി അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് പുതിയ ഭവനങ്ങളുടെ നിർമ്മാണത്തിനും നിലവിലുള്ള വീടുകളുടെ പുനരുദ്ധാരണത്തിനും മുൻവർഷങ്ങളിൽ അനുവദിച്ച പൂർത്തിയാകാത്ത വീടുകൾ പൂർത്തിയാക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

അട്ടപ്പാടിയിലെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി

332 (682) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഭൂമിയില്ലാത്ത എത്ര പട്ടികവർഗ്ഗക്കാരുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ; ഇതിനായി എത്ര ഏക്കർ ഭൂമി സർക്കാർ കണ്ടെത്തിയിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

(ബി) ഇതിൽ എത്രപേർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂമി നൽകിയിട്ടുണ്ട് ; വിശദവിവരം നൽകുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly